

THURSDAY 13/02/2025 വ്യാഴാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

GOVERNMENT OF KERALA

**Chief Editor:** Suresh A R **Editor:** Dr. Binu Harriet Ivan

Farm Information Bureau, Kowdiar, Thiruvananthapuram -695003
Website : fibkerala.gov.in; E-mail: piofibvm@gmail.com, fibnewstvm@gmail.com
Telephone : 0471 - 2318186, 2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 13/02/2025

1. കൃഷിഭവനുകൾ കർഷകരുടെ ഭവനം ആകണമെന്നും കാർഷിക സേവനങ്ങൾ സ്മാർട്ടാകുമ്പോഴാണ് കൃഷി ഭവൻ സ്മാർട്ടാകുന്നതെന്നും കൃഷി മന്ത്രി പി. പ്രസാദ്. തിരുവനന്തപുരം ജില്ലയിലെ ആദ്യത്തെ സ്മാർട്ട് കൃഷിഭവനായ കരകുളം സ്മാർട്ട് കൃഷിഭവൻ ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പ് മന്ത്രി അഡ്വ. ജി.ആർ. അനിലിന്റെ അധ്യക്ഷതയിൽ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു മന്ത്രി. കരകുളത്തിന്റെ മണ്ണിൽ ജില്ലയിലെ ആദ്യത്തെ സ്മാർട്ട് കൃഷി ഭവൻ ഉദ്ഘാടനം ചെയ്യുന്നതിൽ അതിയായ സന്തോഷമുണ്ടെന്നും കൃഷി ഭവൻ എന്ന ആശയം കേരളത്തിൽ ഉടലെടുത്തതും കരകുളത്തിന്റെ മണ്ണിൽ അന്നത്തെ കൃഷി മന്ത്രിയായിരുന്ന വി.വി. രാഘവന്റെ ദീര്ഘവീക്ഷണത്തിന്റെ ഫലമായിട്ടാണെന്നും മന്ത്രി കൂട്ടിച്ചേർത്തു.

2. കേരളത്തിലെ ആദ്യത്തെ മണ്ണ് പരിശോധനശാലയായ പാറോട്ടുകോണത്ത് പ്രവർത്തിക്കുന്ന തിരുവനന്തപുരം ജില്ല മണ്ണ് പരിശോധന ലബോറട്ടറിയ്ക്ക് നാഷണൽ അക്രഡിറ്റേഷൻ ബോർഡ് ഫോർ ടെസ്റ്റിംഗ് ആന്റ് കാലിബ്രേഷൻ ലബോറട്ടറീസിൻറെ (എൻ.എ.ബി.എൽ) അംഗീകാരം. സംസ്ഥാന കൃഷി വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനത്തിന് ലഭിച്ച അംഗീകാരത്തിന് മൂന്ന് വർഷമാണ് പ്രാബല്യമുള്ളത്. അമ്ലത, ഇലക്ട്രിക്കൽ കണ്ടക്റ്റിവിറ്റി, ജൈവ കാർബൺ, ഫോസ്ഫറസ്, പോട്ടാഷ്, സൾഫർ, ബോറോൺ, സിങ്ക്, മാംഗനീസ്, അയൺ, കോപ്പർ എന്നീ ഘടകങ്ങളുടെ പരിശോധനയ്ക്കാണ് എൻ.എ.ബി.എൽ അംഗീകാരം ലഭിച്ചിരിക്കുന്നത്.ജില്ലയിലെ 89 കൃഷി ഭവനുകളിൽ നിന്ന് വിവിധ പദ്ധതികളുടെ ഭാഗമായി ലഭിക്കുന്ന സാമ്പിളുകൾ, കർഷകരിൽ നിന്ന് നേരിട്ട് ശേഖരിക്കുന്ന സാമ്പിളുകൾ, മറ്റു സ്ഥാപനങ്ങളിൽ നിന്ന് ലഭിക്കുന്ന സാമ്പിളുകൾ എന്നിവ പരിശോധിച്ച് ഫലവും പരിഹാര മാർഗ്ഗങ്ങളും അടങ്ങിയ സോയിൽ ഹെൽത്ത് കാർഡ് വിതരണം ചെയ്യുന്ന പ്രവൃത്തികൾ ഇവിടെ നടക്കുന്നുണ്ട്. അതിനു പുറമെ കാർഷികാവശ്യത്തിനുള്ള ജല പരിശോധന, കുമ്മായം, ഡോളമൈറ്റ്, ഇവയുടെ ഗുണപരിശോധനയും ലഭ്യമാണ്. മാത്രമല്ല നടപ്പ് സാമ്പത്തിക വർഷത്തിൽ കേന്ദ്രാവിഷ്കൃത സോയിൽ ഹെൽത്ത് ആൻറ് ഫെർട്ടിലിറ്റി എന്ന പദ്ധതി വഴി "പള്ളിച്ചൽ, നെയ്യാറ്റിൻകര,

ആര്യങ്കോട് ബ്ലോക്കുകളിൽ നിന്നും 4580 മണ്ണ് സാമ്പിളുകൾ പരിശോധിച്ച് സോയിൽ ഹെൽത്ത് കാർഡുകൾ തയ്യാറാക്കി വരികയാണ്. കഴിഞ്ഞ 3 വർഷങ്ങളിലായി ജില്ലയിലൊട്ടാകെ പരിശോധിച്ച മണ്ണ് സാമ്പിളുകളുടെ അപഗ്രഥന ഫലം ക്രോഡീകരിച്ച് ജില്ലാതല സോയിൽ ഫെർട്ടിലിറ്റി മാപ്പ് പ്രകാശനം ചെയ്തിട്ടുണ്ട്. എൻ.എ.ബി.എൽ അംഗീകാരം കൂടുതൽ കാര്യക്ഷമവും ശാസ്ത്രീയവും പരിശോധനയും അതുവഴി കർഷകർക്ക് കൂടുതൽ മെച്ചപ്പെട്ട സേവനങ്ങളും ഉറപ്പുവരുത്തും. 1956 ൽ വെള്ളായണി കാർഷിക കോളേജിൽ പ്രവർത്തനമാരംഭിക്കുകയും തുടർന്ന് 1959 മുതൽ കൃഷി വകുപ്പിൻറെ കീഴിലുമായി 65 വർഷത്തെ പ്രവർത്തന പാരമ്പര്യമുള്ള ലാബിന് ഈ സർട്ടിഫിക്കേഷൻ കൂടുതൽ പ്രവർത്തന ഊർജ്ജം പ്രധാനം ചെയ്യുന്നതാണ്. കൂടാതെ വിവിധ കേന്ദ്ര സംസ്ഥാന പദ്ധതികളുടെ കാര്യക്ഷമമായ നടത്തിപ്പിനും ഈ സർട്ടിഫിക്കേഷൻ പ്രയോജനപ്പെടും.

### 3. പരിശീലന പരിപാടി

4. കേരള കാർഷിക സർവ്വകലാശാലയുടെ വിജ്ഞാന വ്യാപന വിഭാഗത്തിന് കീഴിലുള്ള കമ്മ്യൂണിക്കേഷൻ സെന്ററില് **'അക്വേറിയം നിർമ്മാണവും പരിപാലനവും'** എന്ന വിഷയത്തിൽ 19.02.2025 തീയതിയിൽ പരിശീലനം സംഘടിപ്പിക്കുന്നു. 550/- രൂപയാണ് ഫീസ്. പങ്കെടുക്കാനാഗ്രഹിക്കുന്നവർ പ്രവൃത്തി ദിവസങ്ങളിൽ രാവിലെ 10 മുതൽ 5 വരെ **8547070773** ഫോൺ നമ്പറില് ബന്ധപ്പെടാവുന്നതാണ്.

5. കേരള കാർഷിക സർവ്വകലാശാലയുടെ വിജ്ഞാന വ്യാപന വിഭാഗത്തിന് കീഴിലുള്ള കമ്മ്യൂണിക്കേഷൻ സെന്ററില് **'തേനീച്ചവളർത്തൽ'** എന്ന വിഷയത്തില് ഫെബ്രുവരി 20, 21 തീയതികളിൽ പരിശീലനം സംഘടിപ്പിക്കുന്നു. 1,100/- രൂപയാണ് ഫീസ്. പങ്കെടുക്കാനാഗ്രഹിക്കുന്നവർ 18.02.2025 തീയതിയ്ക്കുള്ളിൽ അറിയിക്കേണ്ടതാണ്. പ്രവൃത്തി ദിവസങ്ങളിൽ രാവിലെ 10 മുതൽ 5 വരെ **8547070773** എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

6. റബ്ബർപാലിന്റെ ഉണക്കത്തൂക്കം (ഡി.ആർ.സി.) നിർണയിക്കുന്നതിൽ റബ്ബർബോർഡ് നടത്തുന്ന ത്രിദിന സർട്ടിഫിക്കറ്റ് കോഴ്സ് കോട്ടയത്ത് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ്ങിൽ (എൻ.ഐ.ആർ.റ്റി.) വെച്ച് ഫെബ്രുവരി 19 മുതൽ 21 വരെയുള്ള തീയതികളിൽ നടക്കും. താൽപര്യമുള്ളവർക്ക് https://bit.ly/3feCcVj എന്ന ലിങ്കിൽ രജിസ്റ്റർ ചെയ്യാം. കൂടുതൽ വിവരങ്ങൾക്ക് **0481- 2353127, 7306464582** എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടാം.

7. റബ്ബർതോട്ടങ്ങളിൽ വേനൽകാലത്ത് നടപ്പാക്കേണ്ട സംരക്ഷണനടപടികളെക്കുറിച്ചറിയാൻ റബ്ബർബോർഡ് കോൾസെന്ററിൽ വിളിക്കാം. ഇതു സംബന്ധമായ ചോദ്യങ്ങൾക്ക് ഇന്ന് (2025 ഫെബ്രുവരി 13) രാവിലെ 10 മുതൽ ഉച്ചയ്ക്ക് ഒരു മണി വരെ റബ്ബർ ബോർഡിലെ അസിസ്റ്റന്റ് ഡെവലപ്മെന്റ് ഓഫീസർ ഫോണിലൂടെ മറുപടി പറയും. കോൾസെന്റർ നമ്പർ 0481-2576622.

## 8. കാർഷിക നിർദ്ദേശം

നെല്ല് ചിനപ്പ്പൊട്ടുന്ന പരുവം - ബാക്ടീരിയൽ ഇലകരിച്ചിൽ - 20 ഗ്രാം പച്ചചാണകം ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തെളിയെടുത്ത് 20 ഗ്രാം സ്യൂഡോമോണസും ചേർത്തു കലക്കി തളിക്കാവുന്നതാണ്.

വാഴ&തെങ്ങ് - തെങ്ങൊന്നിന് 40 മുതൽ 50 ലിറ്റർ വരെയും ഒരു വാഴക്ക് 40 ലിറ്റർ എന്ന തോതിലും ജലസേചനം നൽകേണ്ടതാണ്. മണ്ണിൽ ഈർപ്പം നിലനിർത്തുക.

ചീര - ഇലപ്പുള്ളിയും ഇലകരിച്ചിലും - ചുവന്നചീരയും പച്ചച്ചീരയും ഇട കലർത്തിനടുക, ട്രൈക്കോഡെർമ്മ അല്ലെങ്കിൽ സ്യൂഡോമോണാസ് ഇവയിലേതെങ്കിലും ഉപയോഗിച്ച് വിത്ത്

പരിചരണം നടത്തുക, വീശി ഒഴിക്കാതെ ചുവട്ടിൽ മാത്രം വെള്ളം ഒഴിക്കുക, രോഗം കണ്ടുതുടങ്ങുമ്പോൾ തന്നെ ഒരു ലിറ്റർ വെള്ളത്തിൽ ഡോമോണസ് 20 ഗ്രാം + പച്ചചാണകം 20 ഗ്രാം കലക്കി അതിൻറ്റെ തെളി എടുത്തു തളിക്കുക, 1 ഗ്രാം സോഡാപ്പൊടിയും 5 ഗ്രാം മഞ്ഞപ്പൊടിയും ഒരു ലിറ്റർ വെള്ളത്തിൽ കലക്കി 7-8 ദിവസം ഇടവിട്ട് ഇലകളിൽ തളിക്കുകയും ചുവട്ടിൽ ഒഴിക്കുകയും ചെയ്യുക.

തേനീച്ചകൃഷി - ജനുവരി മുതൽ ഏപ്രിൽ വരെ റബർ മരങ്ങളിൽ തേൻ ഉത്പാദനം കൂടുന്ന സമയമായതിനാൽ തേനീച്ച കൂടുകൾ റബർ തോട്ടങ്ങളിലേക്കു മാറ്റാവുന്നതാണ്.

മൃഗസംരക്ഷണം:- തൊഴുത്തിലും മേച്ചിൽ സ്ഥലങ്ങളിലും കുടിക്കാൻ ശുദ്ധജല ലഭ്യത ഉറപ്പു വരുത്തുക. കന്നുകാലികൾക്ക് അപകടകാരികളായ സൂര്യ വികിരണങ്ങൾ ഏൽക്കാതിരിക്കാൻ കാലത്തു 9 മണിക്ക് മുൻപോ വൈകിട്ട് 4 മണിക്ക് ശേഷമോ മാത്രം മേയാൻ അനുവദിക്കുക അതിൽ തന്നെ വൈകിട്ട് മേയാൻ വിടുന്നതാണ് കൂടുതൽ നല്ലത്

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം